അവിടെ ജോലിയിൽ പ്രവേശിച്ചു. ഈ കഴിഞ്ഞ 18-ാം തീയതി കാലത്ത് തൂങ്ങിമരിച്ചതായിട്ടാണ് കണ്ടത്. ഉടനെതന്നെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. പോസ്റ്റ്മോർട്ടം നടത്തി. പോസ്റ്റ്മോർട്ടത്തിൽ തൂങ്ങിമരിച്ചതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അയാൾ താമസിച്ചിരുന്ന മുറി അകത്തുനിന്നു കുറ്റിയിട്ടിരുന്നു. കതക് തല്ലിപ്പൊളിച്ചാണ് പോലീസ് അകത്തു കയറിയത്. ഏതായാലും ഇതിൽ വിശ്വാസം പോരാത്തതുകൊണ്ട് കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ക്രൈംബ്രാഞ്ച് ശക്തമായ നിലയിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## (28) ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ആയിരുന്ന സ്വാമിനാഥന്റെ ഔദ്യോഗിക ടെലഫോൺ ചെലവ്

ശ്രീ. വി.ജെ. തങ്കപ്പൻ: സർ, 23-6-1986-ൽ ഒരു ചോദ്യത്തിന് ഗവൺമെന്റ് തന്ന ഉത്തരമാണ് ഈ സബ്മിഷനു ആധാരം. ഇപ്പോൾ റവന്യൂബോർഡ് ഒന്നാം മെമ്പറും മുമ്പ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുമായിരുന്ന ശ്രീ. സ്വാമിനാഥന്റെ വീട്ടിലെ ടെലിഫോൺ നമ്പർ 64052 ആണ്. 11-6-1985-ലെ അദ്ദേഹത്തിന്റെ വീട്ടിലെ ടെലിഫോൺ ചാർജ് 23,644 രൂപയാണ്. അതിനു മുമ്പിലത്തെ ടെലിഫോൺ ചാർജ് 20,244 രൂപയാണ്. അതിനു മുമ്പിലത്തേത് 20,147 രൂപയാണ്, കഴിഞ്ഞ ബഡ്ജറ്റ് സെഷനിലാണ് ആദ്യം ഇതു സംബന്ധമായി ചോദ്യം ചോദിച്ചത്. ആ ചോദ്യത്തിനു ഉത്തരം അപ്പോഴും തന്നിരുന്നില്ല. ഒരുവർഷം കഴിഞ്ഞ് എൽ.എ. സെക്രട്ടറി സ്ഥാനത്തുനിന്നു മാറിപ്പോയതിനു ശേഷമാണ് ഉത്തരം തന്നത്. ആ ചോദ്യം ചോദിച്ചതിനുശേഷമുള്ള ടെലിഫോൺ ചാർജ് 73,94 രൂപയാണ്. നിയമപരമായി വീട്ടിലെ ടെലിഫോൺ ഇത്രയും ഉപയോഗിക്കാമോയെന്നു എനിക്കറിയില്ല. എന്റെ സംശയം അദ്ദേഹത്തിനു രാജ്യാന്തര ബിസിനസ് സംഘവുമായോ ആ മേഖലയിൽ മറ്റെന്തെങ്കിലും തരത്തിലുള്ള ബന്ധങ്ങളോ ഉണ്ടോയെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായി അങ്ങ് അന്വേഷിക്കണം. ഏതെല്ലാം ടെലിഫോൺ നമ്പരുമായി ഏതെല്ലാം കാര്യത്തിൽ ബന്ധപ്പെട്ടിട്ടുണ്ടെന്നു വ്യക്തമായി അന്വേഷിച്ച് ഈ ഉദ്യോഗസ്ഥന്റെ പേരിൽ നിയമപരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമോ അതെല്ലാം സ്വീകരിക്കണം. അല്ലെങ്കിൽ ജനങ്ങളോട് അതെല്ലാം ബോദ്ധ്യപ്പെടുത്തേണ്ട ബാദ്ധ്യത അങ്ങേക്കുണ്ട്. അങ്ങ് അതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ഉദ്യോഗസ്ഥന്റെ വിശദീകരണം, ഏക്സസ് മീറ്ററിംഗ് എന്നാണ്. അദ്ദേഹം സ്വന്തമായി ഉപയോഗിച്ച 164 രൂപയുടെ ബില്ല് പേ ചെയ്തിട്ടുണ്ട്. ഏതായാലും ഒരു ഇക്കാര്യത്തെ സംബന്ധിച്ച് ടെലി കമ്മ്യൂണിക്കേഷൻ ജനറൽ മാനേജരിൽനിന്നും ഡീറ്റെയിൽസ് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ ഉദ്യോഗസ്ഥന്റെ ഭാഗത്ത് തെറ്റുണ്ടെങ്കിൽ യാതൊരു ദയാദാക്ഷിണ്യവും കാണിക്കുകയില്ല. കർശനമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly